# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1398** 13/07/2016 -ൽ മറുപടിക്ക്

## 'ആശ' വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.നൗഷാദ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ 'ആശ' വർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശ വർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2016-17 വർഷത്തിൽ ആശമാർക്ക് പുതുതായി ഏഴാം കൈപ്പുസ്തകത്തിന്റെ പരിശീലനം ജില്ലകളിൽ നടപ്പിലാക്കി വരുന്നു. പുതിയ രോഗങ്ങളെക്കുറിച്ചും വാക്സിനുകളെക്കുറിച്ചും നവജാത ശിശുപരിപാലനവും ശൈശവ രോഗങ്ങളുടെ പരിചരണവും ജനിതക വൈകല്യങ്ങൾ അടക്കമുള്ള പല രോഗങ്ങളും നേരത്തെ കണ്ടെത്തുന്നതിനുമുള്ള പരിശീലനങ്ങളും ഇതു വഴി നൽകുന്നു. ആശമാരുടെ മികവ് വർദ്ധിപ്പിക്കുന്നതിനും ഫീൽഡ് തലത്തിൽ ആശമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന- ു തിനുമായി പുതിയ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. |
| ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര 'ആശ' വർക്കർമാർ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | ബി) | സംസ്ഥാനത്ത് 26,157 ആശമാർ 14 ജില്ലകളിലായി പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 2617 |
| 2 | കൊല്ലം | 2108 |
| 3 | പത്തനംതിട്ട | 1167 |
| 4 | ആലപ്പുഴ | 2096 |
| 5 | കോട്ടയം | 1577 |
| 6 | ഇടുക്കി | 996 |
| 7 | എറണാകുളം | 2172 |
| 8 | തൃശ്ശൂർ | 2291 |

| | | |
|---|---|---|
| 9 | പാലക്കാട് | 2458 |
| 10 | മലപ്പുറം | 3267 |
| 11 | കോഴിക്കോട് | 1862 |
| 12 | വയനാട് | 687 |
| 13 | കണ്ണൂർ | 1971 |
| 14 | കാസർഗോഡ് | 888 |
| | **ആകെ** | **26157** |

| | | | |
|---|---|---|---|
| സി) | 'ആശ' വർക്കർമാരെ സംസ്ഥാന സർവ്വീസ് ജീവനക്കാരായി അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടി ക്രമങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | സി) | ഇക്കാര്യം പരിഗണനയിലില്ല. |
| ഡി) | ഇല്ലെങ്കിൽ 'ആശ' വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുമോ; എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ? | ഡി) | ഓണറേറിയത്തിൽ 500 രൂപയുടെ വർദ്ധനവ് വരുത്തുന്ന കാര്യം ബഡ്ജറ്റ് നിർദ്ദേശത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ